# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ - *632 | 30.07.2015- ലെ മറുപടിക്ക്

## പുതിയ തൊഴിലവസരങ്ങൾക്കുള്ള ധനസഹായത്തിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസുത്രണവും സാംസ്കാരികവുംനോർക്കയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾക്കുള്ള ധന സഹായത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ: | (എ) സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കിവരു... സ്വയം തൊഴിൽ പദ്ധതികൾക്ക് സാമ്പത്തിക സഹായം മാത്ര... ലഭ്യമാകുന്നുള്ളൂവെന്നും വിവിധ സർക്കാ... വകുപ്പുകളും ഏജൻസികളും തമ്മി... ഇക്കാര്യത്തിൽ ഫലപ്രദമായ ഏകോപനമില്ല എന്നും ഒരേതരം പദ്ധതികൾ വിവിധ ഏജൻസികളിലൂടെ നടപ്പിലാക്കുന്നുവെന്നും സംസ്ഥാന ആസൂത്രണ ബോർഡ് നിയോഗിച്ച ടാസ്ക് ഫോഴ്സ് കണ്ടെത്തുകയും അതിൻപ്രകാരം വിവിധ പദ്ധതികളെ ഏകോപിപ്പിച്ച് ഒരുകുടക്കീഴിൽ കൊണ്ടുവരണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇതിന് സർക്കാ... തത്വത്തിൽ അംഗീകാരം നൽകുകയു... സംരംഭകർക്കായി ഒരു ... രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്: | (ബി) <br>• വിവിധ സർക്കാർ ഏജൻസികൾ ബാങ്കുകൾ എന്നിവ നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുക... സംരംഭകർക്ക് പദ്ധതിതുടങ്ങ... ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുക... |

ചെയ്യുക.

- വിവിധ സ്വയം തൊഴിൽ പദ്ധതികളെക്കുറിച്ച് വ്യാപകമായ പ്രചാരണം നല്കി യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താൻ സഹായിക്കുക.
- പ്രോജക്ട് തയ്യാറാക്കുക.ധനകാര്യ വിപണന സ്രോതസ്സുകളുമായി സംരംഭകനെ ബന്ധിപ്പിക്കുക. സാങ്കേതിക സഹായംനൽകുക. കൈത്താങ്ങ് നൽകി പരിപോഷിപ്പിക്കുക. തുടർ വികസനത്തിനാവശ്യമായ സഹായം നൽകുക തുടങ്ങി സംരംഭകന് ആവശ്യമായ എല്ലാം ഒരു കുടക്കീഴിൽ പ്രദാനം ചെയ്യുക.
- വകുപ്പുകളുടെ വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ അനുബന്ധഘടകങ്ങൾ ലഭ്യമാക്കുക.
- സംസ്ഥാനത്ത് വലിയതോതിൽ തൊഴിലും തൊഴിൽ സംരംഭങ്ങളും സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ഏകോപിത സംവിധാനമായി പ്രവർത്തിക്കുക.

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

(സി) വിവിധ സർക്കാർ ഏജൻസികൾ ബാങ്കുകൾ എന്നിവ നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരണമെന്ന് സംസ്ഥാന ആസൂത്രണബോർഡ് നിയോഗിച്ച ടാസ്ക് ഫോഴ്സിന്റെ നിർദ്ദേശം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും പുതിയ സംരംഭകർക്കായി ഒരു സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടാസ്ക് ഫോഴ്സ് നിർദ്ദേശിച്ച കാര്യങ്ങൾ നടപ്പിലാക്കുനന്നതിന് 27/05/2015 ലെ

സർക്കാർ ഉത്തരവ് പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതിയും വിവിധ വകുപ്പ് സെക്രട്ടറിമാരുടെ തലത്തിൽ [illegible] ഉപസമിതികളും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്..

ബന്ധപ്പെട്ട ഉന്നതാധികാര സമിതിയുടെയും ഉപ സമിതികളുടെയും ഒരു യോഗം 22/07/2015 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും പദ്ധതി നടത്തിപ്പ് പുരോഗതി അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.